ഭാസുരയിൽ താമസം കലാധരൻ നൽകിയ മൊഴിയുടെ അടിസ്ഥാനത്തിൽ ക്രിമിനൽ പ്രൊസീഡുവർ കോഡ് 174-ാം വകുപ്പുപ്രകാരം ക്രൈം 298/04-ാം നമ്പരായി ഫോർട്ട് പോലീസ് സ്റ്റേഷനിൽ ഒരു കേസ് രജിസ്റ്റർ ചെയ്തു. തിരുവനന്തപുരം തഹസിൽദാർ പ്രേതവിചാരണാ റിപ്പോർട്ട് തയ്യാറാക്കിയശേഷം മെഡിക്കൽകോളേജാശുപത്രിയിൽ വച്ച് മൃതദേഹം പോസ്റ്റ്മോർട്ടം പരിശോധന നടത്തി. മരിച്ച സുധാകുമാരിയുടെ ഭർത്താവ് ശ്രീ. ബാലകൃഷ്ണന്റെ വസതിയിൽ 3-6-2004-ന് പോലീസെത്തി അദ്ദേഹത്തിന്റെ മൊഴി രേഖപ്പെടുത്തിയിട്ടുള്ളതാണ്. സുധാകുമാരിയുടെ ഭർത്താവിന് പോസ്റ്റ്മോർട്ടം പരിശോധനയുടെ റിപ്പോർട്ടിന്റെ പകർപ്പ് ആശുപത്രി അധികൃതർ നൽകിയിട്ടില്ലായെന്ന കാര്യത്തെക്കുറിച്ച് വിവരം കിട്ടിയിട്ടില്ല. ഏതായാലും ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച കാര്യം പ്രത്യേകമായി അന്വേഷിക്കുന്നതാണ്.

(2) തീരദേശ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് താൽക്കാലിക നമ്പരോ പട്ടയമോ കൈവശരേഖയോ നൽകുന്നത് സംബന്ധിച്ച്

<u>ശ്രീ. എം. എ. വാഹീദ്:</u> സർ, ഏറ്റവും പ്രധാനപ്പെട്ട ഒരു വിഷയമാണ് ഞാൻ സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്. ഇത് എന്റെ നിയോജകമണ്ഡലവുമായി മാത്രം ബന്ധപ്പെട്ടതല്ല, ബഹുമാനപ്പെട്ട അങ്ങയുടെ നിയോജകമണ്ഡലമുൾപ്പെടെ കേരളത്തിലെ തീരദേശ നിയോജകമണ്ഡലങ്ങളെ മുഴുവൻ ബാധിക്കുന്ന ഒരു പ്രശ്നമാണ്. കടലോരത്ത് താമസിക്കുന്നവർക്ക് പട്ടയമോ കൈവശ രേഖയോ പഞ്ചായത്തു നൽകുന്ന വീട്ടുനമ്പരോ ഇല്ല. അതുകൊണ്ട് മത്സ്യബന്ധനത്തിനുപോകുന്ന ഇത്തരം തൊഴിലാളികൾക്ക് അപകടമുണ്ടാകുമ്പോൾ അവർക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ ലഭിക്കാത്ത സ്ഥിതിവിശേഷമുണ്ട്. സൗജന്യ റേഷൻ കൊടുത്താൽ പോലും ഈ പാവപ്പെട്ടവർക്ക് വീട്ടുനമ്പരില്ലെന്നുള്ളതിന്റെ പേരിൽ ആനുകൂല്യങ്ങൾ കിട്ടാറില്ല. കേന്ദ്രസർക്കാരിന്റേയും സംസ്ഥാന സർക്കാരിന്റേയും പഞ്ചായത്തുകളുടേയും വിവിധ ആനുകൂല്യങ്ങൾ ഈ പാവപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് കിട്ടുന്നില്ല. കിട്ടാത്തതിന്റെ പ്രധാന കാരണം വീട്ടുനമ്പരില്ലാത്തതാണ്. പട്ടയമോ കൈവശരേഖയോ ഇല്ലാത്തതുകൊണ്ടാണ് പഞ്ചായത്ത് വീട്ടുനമ്പർ കൊടുക്കാത്തത്. വീട്ടുനമ്പർ ഇല്ലാത്തതുകൊണ്ട് ഒരു ആനുകൂല്യവും അവർക്ക് ലഭിക്കുന്നില്ല. "പാമ്പുകൾക്ക് മാളമുണ്ട്, പറവകൾക്കാകാശമുണ്ട്, മനുഷ്യപുത്രന് തലചായ്ക്കാൻ മണ്ണിലിടമില്ലെന്ന്".....ഇവിടെ കവികൾ പാടിയിട്ടുണ്ട്. ഈ പാവപ്പെട്ട മനുഷ്യപുത്രന് ഇന്ന് തലചായ്ക്കാനിടമുണ്ട്, പക്ഷേ അതിന് ആധികാരിക രേഖയില്ല. വോട്ടർപ്പട്ടികയിൽപ്പോലും അവരുടെ പേരെത്തുന്നില്ല. ഒരു പാസ്പോർട്ട് എടുത്ത് അവർക്ക് അന്യരാജ്യങ്ങളിൽപ്പോയി തൊഴിൽ ചെയ്യാനുള്ള അവസരംപോലും നിഷേധിച്ചിരിക്കുകയാണ്. മനുഷ്യകാരുണ്യപരമായ ഒരു തീരുമാനം ഈ കാര്യത്തിലുണ്ടാകണം. ഈ നിയമസഭയിൽ ഏതു സബ്മിഷൻ ഉന്നയിച്ചാലും ബഹുമാനപ്പെട്ട മന്ത്രി നോക്കാം, പരിശോധിക്കാം, ആലോചിക്കാം, ചിന്തിക്കാം എന്നൊക്കെയാണ് പലപ്പോഴും മറുപടി പറയുന്നത്. മനുഷ്യ കാരുണ്യപരമായ ഈ

LIBRARY ARCHIVES Kerala Legislative Assembly

വിഷയത്തിൽ, പാവപ്പെട്ടവന്റെ ഈ വിഷയത്തിൽ, ഏറ്റവും കൂടുതൽ കഷ്ടതയനുഭവിക്കുന്ന ഈ ജനവിഭാഗത്തിന്റെ പ്രശ്നത്തിൽ സർക്കാരിന്റെ ഒരു പ്രഖ്യാപനമുണ്ടാകണം. എന്നേക്ക് കൊടുക്കാൻ പറ്റും? ഇത് 13-ാം മാസം കൊടുക്കാൻ പറ്റുമെന്ന് പറയരുത്, കാരണം ഒരു വർഷം 12 മാസമേയുള്ളൂ. ഇന്നമാസം ഇത്രാം തീയതിക്കകത്ത് ഈ പാവപ്പെട്ടവർക്ക് പട്ടയമോ കൈവശരേഖയോ അല്ലെങ്കിൽ പഞ്ചായത്ത് വീട്ടുനമ്പരോ കൊടുക്കുമെന്നുള്ള ഒരു ഉറപ്പ് അല്ലെങ്കിൽ ഒരു പ്രഖ്യാപനം ഈ സഭയിലുണ്ടാകണം. ഇത് അനുകൂലമായി പരിഗണിക്കണമെന്നുള്ളതാണ് എന്റെ അഭ്യർത്ഥന.

ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി (പ്രൊഫ. കെ. വി. തോമസ്): സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ പ്രകടിപ്പിച്ച വികാരം തീരപ്രദേശങ്ങളിലെ മുഴുവൻ അംഗങ്ങൾക്കുമുള്ളതാണ്. രണ്ടുപ്രശ്നങ്ങളാണ് ഇവിടെയുള്ളത്. ഒന്ന്, പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് പട്ടയമില്ല മറ്റൊന്ന് പട്ടയമില്ലാത്തവർക്ക് കൈവശാവകാശരേഖയില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർദ്ദേശിച്ചതനുസരിച്ച് റവന്യൂ വകുപ്പുമന്ത്രി, തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി, വൈദ്യുതി വകുപ്പുമന്ത്രി, സിവിൽ സപ്ലൈസ് വകുപ്പുമന്ത്രി എന്നിവരുടെ സംയുക്തയോഗം പലപ്രാവശ്യം കൂടുകയും സുപ്രധാനമായ തീരുമാനങ്ങൾ എടുക്കുകയും ചെയ്തിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ 22-6-2004-ൽ ഗവൺമെന്റ് ഒരു ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അത് തീരപ്രദേശത്തെ എല്ലാ അംഗങ്ങൾക്കും അയച്ചുകൊടുത്തിട്ടുണ്ട്. അതിൽ പറയുന്നത്, തീരദേശനിയന്ത്രണ ഉത്തരവിന്റെ പരിധിയിൽ വരുന്ന സ്ഥലത്ത് താമസിക്കുന്നവർക്ക് അടിയന്തിരമായി കൈവശാവകാശ സർട്ടിഫിക്കറ്റ് റവന്യൂ വകുപ്പ് ഉടൻ നൽകേണ്ടതാണ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ താൽക്കാലിക വീട്ടുനമ്പർ ഇട്ടുകൊടുക്കണം, വൈദ്യുതി കണക്ഷൻ ആവശ്യമുള്ളവർക്ക് അത് ഉടൻ നൽകണം, ഭക്ഷ്യവും പൊതുവിതരണവും വകുപ്പ് റേഷൻ കാർഡ് നൽകിയിട്ടില്ലാത്തവർക്ക് അത് ഉടൻ നൽകണം എന്നാണ്. അത് നടപ്പിലാക്കുന്നതിനു വേണ്ടി ജൂലൈ 14-ാം തീയതി ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുടെ അധ്യക്ഷതയിൽ യോഗം കൂടുകയും അതിൽ ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലായി അർഹരായ എല്ലാ മത്സ്യത്തൊഴിലാളികൾക്കും കൈവശാവകാശരേഖ കൊടുക്കാൻ തീരുമാനമെടുക്കുകയും ചെയ്തിട്ടുണ്ട്. അതിന്റെ സംസ്ഥാനതല ഉദ്ഘാടനം വരുന്ന ആഗസ്റ്റിൽ ആലപ്പുഴയിൽവച്ച് നിർവ്വഹിക്കുന്നതുമാണ്. ഇതുമായി ബന്ധപ്പെട്ട ആലോചനാ യോഗം ജൂലൈ 24-ാം തീയതി നടത്തുന്നു. മറ്റൊന്ന് മത്സ്യത്തൊഴിലാളികൾ മത്സ്യഫെഡ് വരുന്നതിനുമുമ്പ് ഹൗസിംഗ് ബോർഡ് ഉൾപ്പെടെയുള്ള പല ഏജൻസികളിൽ നിന്നും ലോൺ എടുത്തിരുന്നു. അന്ന് പട്ടയം പണയം വച്ചിട്ടാണ് അവർ ലോൺ എടുത്തിരുന്നത്. ഗവൺമെന്റ് എടുത്തിരിക്കുന്ന ഒരു തീരുമാനം, അത്തരം ലോണുകളുടെ ബാധ്യത ഒരു പ്രത്യേക പദ്ധതിയിൽ, തീരസമൃദ്ധി പദ്ധതിയിൽപ്പെടുത്തി അത് സംസ്ഥാന ഗവൺമെന്റ് അടച്ച് അവർക്ക്

LIBRARY ARCHIVES Kerala Legislative Assembly

പട്ടയം തിരികെകൊടുക്കാമെന്നാണ്. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി വിളിച്ചുകൂട്ടിയ യോഗത്തിൽ ഹൗസിംഗ് ബോർഡ് ഈ കാര്യത്തിൽ വളരെ അനുകൂലമായ തീരുമാനമെടുക്കുകയും ചില ധാരണയിലെത്തുകയും ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗങ്ങൾ തരുന്ന ഓരോ അപേക്ഷയും പരിശോധിച്ച് അതിന്റെ മെറിറ്റ് അടിസ്ഥാനത്തിൽ അത് ഹൗസിംഗ് ബോർഡുമായി ചർച്ച ചെയ്ത് പരിഹാരം കണ്ടെത്തുകയും അവർക്ക് സമയബന്ധിതമായി പട്ടയം കൊടുക്കുന്നതിന് റവന്യൂ വകുപ്പുമന്ത്രി നിർദ്ദേശം നൽകുകയും ചെയ്യുന്നതാണ്.

(3) വയനാട് ജില്ലയിൽ ദുരിതമനുഭവിക്കുന്നവർക്കുവേണ്ടി പ്രത്യേക പാക്കേജ് പദ്ധതി

ശ്രീ. എം. വി. ജയരാജൻ: സർ, വളരെ പ്രധാനപ്പെട്ട ഒരു വിഷയമെന്നുള്ള നിലയിലാണ് ഈ സബ്മിഷൻ തന്നത്. വയനാട് ജില്ലയിലെ ദുരിതമനുഭവിക്കുന്ന കൃഷിക്കാർക്കും തോട്ടം തൊഴിലാളികൾക്കും ആദിവാസികൾക്കും കർഷക തൊഴിലാളികൾക്കും ദുർബല ജനവിഭാഗങ്ങൾക്കും വേണ്ടി ഒരു പ്രത്യേക പാക്കേജ് പദ്ധതി പ്രഖ്യാപിക്കണമെന്നതാണ് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നത്. പക്ഷേ ദൗർഭാഗ്യവശാൽ കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട മന്ത്രിമാരായ ശ്രീ. കെ. എം. മാണി, ശ്രീ. കെ. ശങ്കരനാരായണൻ, ശ്രീമതി കെ. ആർ. ഗൗരിയമ്മ എന്നിവരെല്ലാം വയനാട് സന്ദർശിച്ചതിനെത്തുടർന്ന് ചില കാര്യങ്ങൾ ഇവിടെ പറഞ്ഞിട്ടുണ്ട്. ആ പ്രഖ്യാപനങ്ങൾ കൊണ്ടൊന്നും വയനാട്ടിലെ ദുരിതമനുഭവിക്കുന്ന ജനങ്ങളെ സഹായിക്കാൻ കഴിയുകയില്ല. 1000 കോടി രൂപ പ്രതിവർഷം വിദേശനാണ്യം നേടിത്തരുന്ന ഒരു ജില്ലയാണ് വയനാട്. അവിടെയിപ്പോൾ കർഷകരുടെ ബാങ്ക്കടം 430 കോടി രൂപയാണ്. കുടിശ്ശികമാത്രം 130 കോടി രൂപവരും. കാർഷിക കടങ്ങൾ എഴുതിത്തള്ളാൻവേണ്ടി സംസ്ഥാന സർക്കാരിന് സാധിക്കുന്നതേയുള്ളൂ. ഇന്നിപ്പോൾ റവന്യൂ വകുപ്പുമന്ത്രി കാർഷിക കടങ്ങൾ എഴുതിത്തള്ളുമെന്നു പ്രഖ്യാപിച്ചാൽത്തന്നെ നാളെമുതൽ വയനാട്ടിൽ ആത്മഹത്യ നിൽക്കും. അങ്ങനെയൊരു ആത്മവിശ്വാസം കൃഷിക്കാർക്കുണ്ടാക്കാൻ കഴിയുന്നവിധത്തിലുള്ള പ്രഖ്യാപനമാണ് ഗവൺമെന്റിൽനിന്നും വയനാടും കേരളവും പ്രതീക്ഷിക്കുന്നത്. ആത്മഹത്യ സംബന്ധിച്ചുള്ള വ്യക്തമായ കണക്കുപോലും ഗവൺമെന്റിന്റെ പക്കലില്ല. കഴിഞ്ഞ രണ്ടാഴ്ചകളായി പ്രതിപക്ഷം തുടർച്ചയായി ബഹളം വയ്ക്കുന്നു. ഇതിനകം ആ കണക്കുകൾപോലും ശേഖരിക്കാൻ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. പ്രത്യേകിച്ചും മൂന്നു മന്ത്രിമാർ അവിടെ സന്ദർശിച്ചിട്ടുപോലും വ്യക്തമായ സൂചനയില്ല. ബഹുമാനപ്പെട്ട കെ. എം. മാണി ഇവിടെ പറഞ്ഞിട്ടുള്ള കാര്യം അവിടെ ആത്മഹത്യചെയ്ത കൃഷിക്കാർ എത്രയുണ്ടെന്നുള്ളത് സംബന്ധിച്ച് കണക്കെടുക്കാനും കണ്ടെത്താനും വേണ്ടി എസ്.പി.-യേയും കളക്ടറേയും ചുമതലപ്പെടുത്തിയിട്ടുണ്ടെന്നാണ്. ഈ ഇല്ലാത്ത കണക്കുമായി മറ്റെന്നാൾ അവർ കേന്ദ്രത്തിൽ പോയാൽ മതി ആ നിവേദനം കേന്ദ്രം ചവറ്റുകൊട്ടയിലെറിയാൻ. അതുതന്നെയാണ് ഇതിനുമുമ്പ്

LIBRARY ARCHIVES Kerala Legislative Assembly